# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *265** 21.6.2012 ൽ മറുപടിക്ക്

**അത്യാധുനിക റോഡുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ..വി. പി. സജീന്ദ്രൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) അത്യാധുനിക റോഡ് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) ദേശീയപാതാ വിഭാഗത്തിൽ നാഷണൽ ഹൈവേ ഡവലപ്പ്മെന്റ് പ്രോജക്ട് (എൻ.എച്ച്.ഡി.പി) ഫെയിസ് II & III ൽ ഉൾപ്പെടുത്തി എൻ.എച്ച് 47 ഉം എൻ. എച്ച് 17 -ഉം നാല് / ആറ് വരി പാതയായി അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിനുള്ള പണികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ബാക്കി ദേശീയപാതകളായ എൻ.എച്ച് 49, 208, 212, 213, 220 എന്നിവ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ (പി.പി.പി) മോഡിൽ പേവ്ഡ്ഷോൾഡറോടു കൂടിയ രണ്ട് വരി-പാതയായി വികസിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്. കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കിലോ മീറ്റർ റോഡുകൾ ആധുനിക രീതിയിൽ നവീകരി-ക്കുന്നതിനുള്ള ഒരു റോഡു വികസന പദ്ധതിക്ക് രൂപം നൽകി വരുന്നു. ഇതു കൂടാതെ കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ നാലു നഗരങ്ങളിൽ നഗര റോഡു വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ടി.പി പദ്ധതിയിൽ അന്താരാഷ്ട്ര നിലവാരത്തിലാണ് റോഡ് നിർമ്മാണം നടത്തുന്നത്. |

| | |
|---|---|
| (ബി) എത്ര കി.മി. ദൈർഘ്യത്തി-ലാണ് പ്രസ്തുത റോഡുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നത്; | (ബി) ദേശീയപാതാ വിഭാഗത്തിൽ ദേശീയപാതകളെ വികസിപ്പിച്ചു കഴിയു-മ്പോഴുള്ള ദൈർഘ്യം ഏകദേശം 1510 കിലോ മീറ്ററോളം ആയിരിക്കും. സംസ്ഥാനത്തെ റോഡു വികസന പദ്ധതിയിൽ 1204 കി.മീ. ദൈർഘ്യത്തിലുള്ള 62 റോഡുകളാണ് വികസിപ്പിക്കുന്നത്. നഗര വികസനപദ്ധതിയിൽ വികസിപ്പി-ക്കുന്ന റോഡുകളുടെ കൃത്യമായ ദൈർഘ്യം കണക്കാക്കി വരുന്നതേയുള്ളൂ.<br><br>കെ.എസ്.ടി.പി രണ്ടാം ഘട്ടത്തിൽ-പ്പെടുത്തി 367 കി.മീ. റോഡുകൾ അപ്ഗ്രേഡ് ചെയ്യുവാനും 1000 കി.മീ. റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്യുവാനുമാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഇതിനുള്ള സ്ഥലം എങ്ങനെ ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശ ങ്ങൾ എന്തെല്ലാം; | (സി) ദേശീയപാതാ വിഭാഗത്തിൽ ദേശീയ പാതകളായ എൻ.എച്ച് 47 ന്റേയും എൻ.എച്ച് 17 ന്റേയും സ്ഥലമേറ്റെടുക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ (എൻ.എച്ച്.എ.ഐ) ആണ്. ഇടയ്ക്ക് സ്ഥല-മേറ്റെടുപ്പ് പ്രക്രിയയ്ക്ക് പദ്ധതി ബാധിതരുടെ എതിർപ്പുമൂലം തടസ്സം നേരിട്ടെങ്കിലും കഴിഞ്ഞ നവംബർ മാസം സംസ്ഥാന സർക്കാർ പദ്ധതിബാധിതർക്ക് പ്രഖ്യാപിച്ച പുനരധിവാസ പാക്കേജ് പ്രകാരം സ്ഥലം എടുപ്പ് പ്രക്രിയ വീണ്ടും പുനരാരംഭിക്കുകയും എത്രയും വേഗം പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തിരം പുരോഗമിച്ച് വരുന്നു. കൂടാതെ ബാക്കിയുള്ള ദേശീയപാതകളായ എൻ.എച്ച് 49, 208, 212, 213, 220 എന്നിവ ഭൂമി ഏറ്റെടുത്ത് പി.പി.പി മോഡിൽ വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br><br>സംസ്ഥാനത്തെ റോഡ് വികസന പദ്ധതിയുടെ ഭാഗമായി 'റീഹാബിലിറ്റേഷൻ' പാക്കേജിൽ ഉൾപ്പെടുന്ന റോഡുകൾ സ്ഥലമെടുപ്പ് കൂടാതെ തന്നെ വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ 'അപ്ഗ്രഡേഷൻ' പാക്കേജു-കളിലും നഗര റോഡു വികസന പദ്ധതികളിലും ഉൾപ്പെടുന്ന റോഡുകൾ വികസിപ്പിക്കുന്നതിന് |

അത്യാവശ്യം വേണ്ട സ്ഥലം സർക്കാരിന്റെ പുതിയ സ്ഥലമേറ്റെടുക്കൽ നയമനുസരിച്ച് ഭൂമിക്ക് കമ്പോളവില നൽകിയും പുനരധിവാസ പാക്കേജ് നൽകിയും ലഭ്യമാക്കാനുദ്ദേശിക്കുന്നു. കെ.എസ്.ടി.പി രണ്ടാം ഘട്ടത്തിൽ അപ്ഗ്രേഡ് ചെയ്യുന്ന റോഡിന് ആവശ്യമായ സ്ഥലം പൊന്നുംവില നടപടി, ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി നേരിട്ട് ആധാരം ചെയ്തുവാങ്ങുന്ന രീതി എന്നിവ വഴിയാണ് ഭൂമി ഏറ്റെടുക്കുന്നത്. കെ.എസ്.ടി.പി രണ്ടാം ഘട്ടത്തിന്റെ ആവശ്യമായ ഭൂമിയുടെ 95% ഭൂമിയും ഇതിനോടകം ഏറ്റെടുത്തിട്ടുണ്ട്.

(ഡി) ഇങ്ങനെ നിർമ്മിക്കുന്ന റോഡുകളിൽ നിലവിലില്ലാത്ത എന്തെല്ലാം സൗകര്യങ്ങളും സവിശേഷതകളും ആണ് ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ഡി) അന്താരാഷ്ട്ര നിലവാരത്തിൽ പുനർ- നിർമ്മിക്കുന്ന എൻ.എച്ച് 47, എൻ.എച്ച് 17 എന്നീ ദേശീയപാതകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങളായ മീഡിയനുകൾ കൊടുത്ത് വാഹനങ്ങളെ ചാനലൈസ് ചെയ്യുക, പരമാവധി റോഡു സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കുക, റോഡിലെ ജോമേട്രിക്ക് ഇംപ്രൂവ്മെന്റ് ഉറപ്പാക്കുക, ശരിയായ ബസ് ബേകൾ കൊടുക്കുക, പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുക, റൈഡിംഗ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് എന്നിവ ഒരുക്കുവാനാണ് ഉദ്ദശിക്കുന്നത്. ബാക്കിയുള്ള ദേശീയപാതകൾ പേവ്ഡ് ഷോൾഡറോഡുകൂടിയ രണ്ടുവരിപ്പാതയായി മാത്രമാണ് വികസിപ്പിക്കുന്നത്. റോഡുകൾ ശാസ്ത്രീയമായി പുനർ നിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരു വശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, റോഡുകൾ വെട്ടി മുറിക്കുന്നത് ഒഴിവാക്കുന്നതിനായി ഇടവിട്ട് ക്രോസ് ഡക്ടുകൾ സ്ഥാപിക്കുക, കാൽനട യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി മെച്ചപ്പെട്ട നടപ്പാതകളും ബാരിക്കേഡുകളും നിർമ്മിക്കുക, അടയാള ബോർഡുകളും, ട്രാഫിക് സിഗ്നലുകളും തെരുവ് വിളക്കുകളും സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്.

കെ.എസ്. ടി.പി അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ ഇരുവശങ്ങളിലും സീൽഡ് ഷോൾഡർ. റോഡ് മാർക്കിംഗ്, ഇരുവശങ്ങളിലും ഓടകൾ, റോഡ് സൈനേജുകൾ, റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, ലൈറ്റുകൾ, മരം വെച്ചു പിടിപ്പിക്കൽ, ജംഗ്ഷൻ വികസിപ്പിക്കൽ, റോഡ് നിർമ്മാണത്തിനുശേഷം വരുന്ന സ്ഥലങ്ങളിൽ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് ചെയ്യുവാനുദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ